"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എസ്.എ 1/ 36 / 2022 /പൊഭവ.

പൊതുഭരണ (സർവീസസ്-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-07-2023

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ നിന്നും സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്യുന്നത് - അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 17.01.2022ലെ സ.ഉ.(കൈ) നം. 8/2022/പൊഭവ

2. സ.ഉ (കൈ) നം. 55/2022/പൊഭവ തീയതി 04.04.2022

**********************

സൂചന ഉത്തരവുകൾ പ്രകാരം , പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ ആകെ 44 അധിക തസ്തികകളുടെ ആവശ്യം ഉള്ളതായി കണ്ടെത്തുകയും പ്രസ്തുത തസ്തികകളിലേക്ക് തസ്തികമാറ്റം ആഗ്രഹിക്കുന്നവരും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി അസിസ്റ്റന്റ് ജോലി ചെയ്യുവാൻ നിയോഗിക്കേണ്ടതാണ് എന്നും ഉത്തരവാകുകയുണ്ടായി . ആയതിലേക്കായി , സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിൽ താൽ ക്കാലികമായി ജോലി ചെയ്യുന്നതിന് പൊതുഭരണ സെക്രട്ടേറിയറ്റിലെ നിർദ്ദിഷ്ട യോഗ്യതകൾ ഉള്ള സീനിയർ ഗ്രേഡ് / ഗ്രേഡ് I/ ഗ്രേഡ് II കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു . ചുവടെ പറയുന്ന യോഗ്യതകൾക്കും നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും നിയമനം നടത്തുന്നത് . അപേക്ഷകർ ഇതോടൊപ്പമുള്ള പ്രഫോർമയും സമ്മതപത്രവും പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷിക്കേണ്ടതാണ് . അപേക്ഷകൾ **2023 ആഗസ്റ്റ്2** - നകം ഉചിതമാർഗ്ഗേണ പൊതുഭരണ ( സർവ്വീസസ് എ ) വകുപ്പിൽ ലഭിക്കേണ്ടതാണ് .

**അപേക്ഷിക്കുന്നതിന് ആവശ്യമായ യോഗ്യതകൾ**

1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം

2. SOM

3. Account Test ( Lower)

4. സമ്മതപത്രം

**മേൽ സർക്കുലർ പ്രകാരമുള്ള നിയമനങ്ങൾ ബഹു.കോടതി ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും.**

ഉത്തരവിൻ പ്രകാരം

Signed by
Shano K C
Date: 24-07-2023 14:49:51

DILIP. C.D.
JOINT SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

പൊതുഭരണ (സർവ്വീസസ്-ഇ/അക്കൗണ്ട്സ് ഡി) വകുപ്പ് (ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്നവരെ വിവരം അറിയിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

# <u>സമ്മതപത്രം</u>

ഞാൻ, ..............................................................................................................................

..............................................................................................................................................

.......................................................................................(പേര്, പെൻ, തസ്തിക, വകുപ്പ്) 17.01.202 2 ലെ സ.ഉ (കൈ) നം. 8/2022/പൊഭവ ഉത്തരവ് പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്യുവാൻ സമ്മതമാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

********************

1. പ്രസ്തുത നിയമനം താൽക്കാലികമായിരിക്കും.

2. ഇപ്രകാരം ജോലി ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക്, നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പള ആനുകൂല്യങ്ങൾക്കു പുറമെ മറ്റ് യാതൊരു തരത്തിലുമുള്ള സാമ്പത്തിക ആനുകൂല്യങ്ങള്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

3. അപ്രകാരം അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുവാൻ നിയോഗിക്കപ്പെടുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് 28.02.2011 ലെ സ.ഉ (പി) നം. 65/2011/പൊഭവ പ്രകാരം അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് പ്രസ്തുത സർവ്വീസിന്റെ അടിസ്ഥാനത്തിൽ യാതൊരു വിധ മുൻഗണനയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

4. അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ, സീനിയോറിറ്റി തുടങ്ങിയ ഒരു സർവ്വീസ് ആനുകൂല്യങ്ങൾക്കും ഈ സർവ്വീസ് പരിഗണിക്കുകയില്ല.

5. ഇപ്രകാരം അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ചു കഴിഞ്ഞാൽ സർക്കാർ പൊതു തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ പഴയ തസ്തികയിലേക്ക് തിരികെ പോകുവാൻ സാധിക്കുകയുള്ളൂ. വ്യക്തിപരമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

6. പ്രസ്തുത ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റും അക്കൗണ്ട്സും നിലവിലുള്ള സെക്ഷനുകളിൽ തുടരുന്നതായിരിക്കും.

**സ്ഥലം:** **ഒപ്പ് :**

**തീയതി:** **പേര് :**

**മൊബൈൽ നം. :**

**പെൻ നം. :**

# PROFORMA

| Name | Designation | Grade | Date of joining as Computer Asst in GAD | Qualification | | Date of declaration of probation | Remarks |
|---|---|---|---|---|---|---|---|
| | | | | Academic | Depart-mental ( Month & Year of passing) | | |
| | | | | | | | |